സുപ്രഭാതം 23 February 2023

# മത്സ്യമേഖലയിൽ രാസപദാർഥങ്ങളുടെ ദുരുപയോഗം തടയണമെന്ന് ഇന്തോ-യു.കെ ശിൽപശാല

കൊച്ചി • മത്സ്യമേഖലയിൽ ആന്റിബയോട്ടിക് ഉൾപ്പെടെയുള്ള രാസപദാർഥങ്ങളുടെ ദുരുപയോഗം തടയുന്നതിന് മത്സ്യ ഡോക്ടർമാരെ നിയമിക്കണമെന്ന് ഇന്തോ-യു.കെ ശിൽപശാല. യു.കെ ഗവൺമെന്റിന് കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ എൺവയൺമെന്റ്, ഫുഡ് ആന്റ് റൂറൽ അഫയേഴ്സും (സിഫാസ്) കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സി.എം.എഫ്.ആർ.ഐ) സംയുക്തമായി സംഘടിപ്പിച്ച വൺ ഹെൽത്ത് അക്വാകൾച്ചർ ഇന്ത്യ ശിൽപശാലയിലാണ് ഈ നിർദേശം. മീനിന്റെയും മീൻ കഴിക്കുന്നവരുടെയും ആരോഗ്യസംരക്ഷണത്തിനും മത്സ്യഡോക്ടറുടെ സേവനം സഹായകരമാകുമെന്ന് ശിൽപശാലയിൽ പ്രബന്ധമവതരിപ്പിച്ച സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.സി രാമചന്ദ്രൻ പറഞ്ഞു.

ഇന്ത്യയിലെ അക്വാകൾച്ചർ മേഖലയിൽ സമഗ്ര ആരോഗ്യ സമീപനം കൊണ്ട് വരുന്നതിന് ഇന്തോ – യു.കെ ഗവേഷണ സഹകരണം വേണമെന്നും ശിൽപശാല നിർദേശിച്ചു. കൃഷി ചെയ്യുന്ന മത്സ്യത്തിന്റെയും മീൻ കഴിക്കുന്നവരുടെയും പരിസ്ഥിതിയുടെയും ആരോഗ്യസംരക്ഷണമാണ് ഈ സമീപനം. സുസ്ഥിര മത്സ്യോൽപാദനം കൂട്ടാനും രോഗബാധയടക്കമുള്ള പ്രതിസന്ധികൾ തടയാനും ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിന് സാധിക്കുമെന്ന് ബ്രിട്ടീഷ് ഹൈകമ്മീഷനിലെ സാലി ടെയ്‌ലർ പറഞ്ഞു.

ഇന്ത്യൻ മത്സ്യമേഖലയെ സമഗ്ര ആരോഗ്യസ്ഥിതിയിലേക്ക് എത്തിക്കുന്നതിന് ദേശീയതലത്തിൽ ഏജൻസി സ്ഥാപിക്കണമെന്ന് സി.എം.എഫ്.ആർ.ഐ ഡയരക്ടർ ഡോ.എ ഗോപാലകൃഷ്ണൻ പറഞ്ഞു. ഇന്ത്യയിൽ നിന്നും യു.കെയിൽ നിന്നുമായി 50 ഓളം ശാസ്ത്രജ്ഞർ ശിൽപശാലയിൽ പങ്കെടുത്തു. ഡോ. പി.കെ പാണ്ഡെ, ഡോ. പി കൃഷ്ണൻ, പ്രൊഫ. ഡേവിഡ് ബാസ്, ഡോ. ടോംസ് സി. ജോസഫ് എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.